ക്കുകയാണ്. അവരുടെ സ്റ്റാഫ് പാറ്റേണിനെ സംബന്ധിച്ച് സർക്കാർ നിരവധി ചർച്ചകൾ നടത്തിയെങ്കിലും ഇതുവരെ അക്കാര്യത്തിൽ ഒരു തീരുമാനമുണ്ടായിട്ടില്ല. 1500 കുട്ടികൾക്ക് ഒരു ക്ലാർക്ക് എന്നുള്ളതാണ് നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ അനുപാതം. ഒരു കുട്ടി കുറഞ്ഞാൽ അവിടെ സ്റ്റാഫില്ലാതാകുന്ന സ്ഥിതിയാണ് വരുന്നത്. അദ്ധ്യാപകന്മാർക്കുള്ളതുപോലുള്ള പ്രൊട്ടക്ഷൻ അവർക്കു ലഭിക്കുന്നില്ല. അതുകൊണ്ട് അവരുടെ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച നിർദ്ദേശം ഗവൺമെന്റ് പരിഗണിച്ച് ഉത്തരവുണ്ടാകണം. അതുപോലെ ആശ്രിത നിയമനം പോലെയുള്ള കാര്യങ്ങളിലും തീരുമാനമുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): സർ, സ്റ്റാഫ് പാറ്റേണിനെ സംബന്ധിച്ച് പഠിക്കുന്നതിന് ശ്രീ. സി. കെ. വിശ്വനാഥൻ, ഐ.എ.എസ്.-നെ കൺവീനറായി ഒരു കമ്മിറ്റിയെ നിശ്ചയിച്ചു, ആ കമ്മിറ്റി വിശദമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഒരു അഭിപ്രായം രൂപീകരിച്ചു. ശ്രീമതി ശാരദാമുരളീധരൻ, ഐ.എ.എസ്. കൺവീനറായ രണ്ടാമത് ഒരു കമ്മിറ്റിയെ നിശ്ചയിച്ചു. ആ കമ്മിറ്റി വിശദമായി ചർച്ച ചെയ്തു. ശ്രീമതി ശാരദാമുരളീധരൻ കമ്മിറ്റി റിപ്പോർട്ട് അംഗീകരിക്കണമെന്ന് മന്ത്രിസഭാ ഉപസമിതി തീരുമാനിച്ചു. ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞതിനുശേഷം ആ റിപ്പോർട്ട് സ്വീകരിക്കാം. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ എയ്ഡഡ് കോളേജുകളിലെ സ്റ്റാഫിന്റെ കാര്യം ക്യാബിനറ്റ് ഉപസമിതി തീരുമാനിച്ചു. അതിനുശേഷം ഫൈനാൻസിന്റെ നിർദ്ദേശം കിട്ടുന്നതനുസരിച്ച് മുന്നോട്ട് നീങ്ങും. എയ്ഡഡ് സ്കൂളുകളിലെ നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ പ്രൊട്ടക്ഷനും ആശ്രിത നിയമനത്തിന്റെ ആനുകൂല്യങ്ങളും ഇപ്പോൾ നിലവിലുണ്ട്. എന്നാൽ എയ്ഡഡ് കോളേജ് നോൺ ടീച്ചിംഗ് സ്റ്റാഫിന് ഈ രണ്ട് ആനുകൂല്യങ്ങളും ലഭ്യമല്ല. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ അക്കാര്യം അടിയന്തിരമായി ആലോചിക്കാമെന്നാണ് എനിക്കു പറയുവാനുള്ളത്.

(6) അമിതമായ കീടനാശിനി പ്രയോഗം മൂലം തോട്ടം മേഖലയിലെ ആളുകൾക്ക് ക്യാൻസർ രോഗം ഉണ്ടാകുന്നത് സംബന്ധിച്ച്

ശ്രീ. പി. ടി. തോമസ്: സർ, അമിതമായ കീടനാശിനി പ്രയോഗം മൂലം ഇടുക്കി ജില്ലയിലെ തോട്ടം മേഖലയിൽ ക്യാൻസർ രോഗം വർദ്ധിച്ചിരിക്കുകയാണ്. ഇടുക്കിയിൽ നിന്നും ആർ.സി.സി.-യിൽ എത്തിയിട്ടുള്ള രോഗികളുടെ വർദ്ധനവ് പരിഗണിച്ച് ആർ.സി.സി.-യും അമേരിക്കയിലെ പ്രശസ്തമായ ക്യാൻസർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ചേർന്ന് ഒരു പഠനം നടത്തുകയുണ്ടായി. പഠനത്തിൽ കാണുന്നത് സ്തനാർബുദം അടക്കമുള്ള പല ക്യാൻസർ രോഗങ്ങളുടെയും മൂലകാരണം കീടനാശിനികളുടെ അമിതമായ പ്രയോഗമാണെന്നാണ്. ആർ.സി.സി.-യിൽ നിന്നും ചികിത്സ ഉപേക്ഷിച്ചു പോകുന്ന ആളുകളെ സംരക്ഷിക്കുന്ന രണ്ടു സ്ഥാപനങ്ങൾ ഇടുക്കിയിൽ ഉണ്ട്. ഒന്ന് മുരിക്കാശ്ശേരിയിലെ ഡോക്ടർ സിസ്റ്റർ സുഗുണ നടത്തുന്ന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അൽഫോൺസാ ഹോസ്പിറ്റലും മറ്റൊന്ന് രാജാക്കാടുമാണ്. മുരിക്കാശ്ശേരി ആശുപത്രിയിൽ എത്തിയ 436 രോഗികളിൽ 211 പേരും രണ്ടു വർഷത്തിനിടയിൽ മരണമടയുകയുണ്ടായി. രാജാക്കാട്ടിൽ 382 പേർ വന്നതിൽ 72 പേർ മരിക്കുകയുണ്ടായി. രണ്ടു ആശുപത്രികളിലായി രണ്ടു വർഷത്തിനിടയിൽ 5620 പേരാണ് ഒ.പി. വിഭാഗത്തിൽ എത്തിയിട്ടുള്ളത്. വണ്ടൻമേട് പ്രാഥമികാരോഗ്യ കേന്ദ്രത്തിലേയും ഓർത്തഡോക്സ് മിഷൻ സെന്ററിലേയും ഡോക്ടർമാർ നടത്തിയ പഠനത്തിലും തോട്ടം മേഖലയിലെ അമിതമായ കീടനാശിനി പ്രയോഗമാണ് വർദ്ധിച്ചു വരുന്ന ക്യാൻസറിനു കാരണമെന്നു കണ്ടെത്തിയിട്ടുണ്ട്. 19-ാം നൂറ്റാണ്ടിലാണ് ഇടുക്കി ജില്ലയിലെ കാർഡമം റിസർവ്വ് ഭൂമിയിൽ ഏലക്കൃഷി ആരംഭിച്ചത്. അന്നു പരമ്പരാഗതമായ ഏലച്ചെടിയായിരുന്നു ഉണ്ടായിരുന്നത്. അത്യുല്പാദനശേഷിയുള്ള ഏലച്ചെടി വന്നതോടുകൂടി കീടനാശിനി പ്രയോഗവും കീടശല്യവും വർദ്ധിക്കുകയുണ്ടായി. മിത്ര കീടങ്ങളും നശിച്ചുപോകുന്ന ഒരു സാഹചര്യമുണ്ട്. അമിതമായ കീടനാശിനി പ്രയോഗം മൂലം വളരെ വലിയ പ്രശ്നം ഉണ്ടായിരിക്കുകയാണ്. അതുപോലെത്തന്നെ വർദ്ധിച്ചു വരുന്ന പാവൽക്കൃഷിക്കും വേണ്ടി ഉപയോഗിക്കുന്ന കീടനാശിനികളുടെ അളവും ഇപ്പോൾ വളരെ കൂടുതലാണ്. ഇക്കാര്യം മാധ്യമം ദിനപ്പത്രത്തിന്റെ ലേഖകൻ ശ്രീ. ടി. കെ. പ്രകാശ് വളരെ വിശദമായി റിപ്പോർട്ടു ചെയ്യുകയുണ്ടായി. കേരളത്തിലെ ഏകദേശം പകുതിയോളം പ്രദേശങ്ങളെ ബാധിക്കുന്ന നീരൊഴുക്കുകളുടെ തുടക്കവും, പെരിയാർ, മീനച്ചിലാർ, പമ്പ, അച്ചൻകോവിലാർ അടക്കം പല നദികളുടെയും ഉത്ഭവസ്ഥാനങ്ങളുമായി ഇടുക്കിക്ക് ബന്ധമുണ്ട്. ഈ കീടനാശിനി പ്രയോഗം അവസാനിപ്പിക്കാൻ ശക്തമായ നടപടികൾ സ്വീകരിക്കുന്നില്ലെങ്കിൽ പതിനായിരക്കണക്കിനാളുകൾ ക്യാൻസർ രോഗം പിടിച്ച് മരിക്കുന്ന അതിദാരുണമായ, ദുഃഖകരമായ സാഹചര്യം ഉണ്ടാകും. ഇതിന്റെ ഗൗരവം കണക്കാക്കി കീടനാശിനി പ്രയോഗം പരമാവധി കുറയ്ക്കാനും ജൈവകൃഷി രീതി പരീക്ഷിക്കാനുമുള്ള നടപടികൾ സ്വീകരിക്കണം.. ഇതു സംബന്ധിച്ച് ഗവൺമെന്റ് ഓഫ് ഇന്ത്യ നടത്തിയ ഒരു പഠനമുണ്ട്. അതുപോലെ പ്ലാച്ചിമടയെക്കുറിച്ച് പഠിക്കാൻ വന്ന ജോയിന്റ് പാർലമെന്ററി കമ്മിറ്റി സമർപ്പിച്ച ഒരു റിപ്പോർട്ടുമുണ്ട്. ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ സമഗ്രമായ ഒരു നിയന്ത്രണം കീടനാശിനി പ്രയോഗത്തിൽ ഉണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, ഇടുക്കി ജില്ലയിൽ കീടനാശിനി പ്രയോഗംകൊണ്ട് കാൻസർ രോഗം പടരുന്നു എന്നുള്ള പരാതി കൃഷി ഡിപ്പാർട്ടുമെന്റ് അന്വേഷിക്കുന്നതാണ്. തെറ്റായ രീതിയിലുള്ള കീടനാശിനി പ്രയോഗംമൂലമുള്ള ദോഷങ്ങളെപ്പറ്റി ജനങ്ങളെ ബോധവാൻമാരാക്കുന്നതിനുള്ള പ്രചരണ പ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുന്നുണ്ട്. കീടനാശിനി പ്രയോഗം പരമാവധി കുറയ്ക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടിയുള്ള സംയോജിത കൃഷിക്ക് ഊന്നൽ നൽകുന്നുണ്ട്. അതിന് കൃഷി വകുപ്പ് പല

പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നുണ്ട്. ജൈവകൃഷി സമ്പ്രദായവും പ്രോൽസാഹിപ്പിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പറുടെ സബ്മിഷന്റെ അടിസ്ഥാനത്തിൽ കൃഷി വകുപ്പ് ആരോഗ്യ വകുപ്പിന്റെ സഹായത്തോടുകൂടി ഇതിനെപ്പറ്റി അന്വേഷിക്കുന്നതാണ്.

(7) പള്ളിക്കൽ പഞ്ചായത്തിൽ പദ്ധതിത്തുക വെട്ടിക്കുറച്ചതിനെതിരെ പഞ്ചായത്ത് അംഗങ്ങൾ നടത്തുന്ന നിരാഹാര സമരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എന്റെ നിയോജക മണ്ഡലത്തിലെ പള്ളിക്കൽ പഞ്ചായത്തിൽ രണ്ട് അംഗങ്ങൾ നിരാഹാരസത്യാഗ്രഹത്തിലാണ്. എല്ലാ പദ്ധതികൾക്കും എല്ലാ വാർഡിനും തുല്യമായ തുക നൽകണമെന്ന അഭിപ്രായമേ എനിക്കില്ല. പദ്ധതികളുടെ പ്രാധാന്യം കണക്കിലെടുത്താണ് തുക അനുവദിക്കേണ്ടത്. ഇവിടെ വർക്കിംഗ് ചെയർമാൻമാരായിരുന്ന ആളുകളെ ദുരുദ്ദേശപരമായി ആ സ്ഥാനത്തുനിന്ന് നീക്കി. അതിനുശേഷം അവരുടെ വാർഡുകളിലേക്കുള്ള പദ്ധതി തുക വെട്ടിച്ചുരുക്കി. ഇപ്പോൾ അവർക്ക് തുടർ പദ്ധതികളുമായി മുന്നോട്ടു പോകാൻ നിവൃത്തിയില്ലാത്ത സാഹചര്യത്തിൽ പ്രതിഷേധിച്ചാണ് ഈ അംഗങ്ങൾ സത്യാഗ്രഹമിരിക്കുന്നത്. അതുമൂലം വികസന സ്തംഭനമുണ്ടായിരിക്കുകയാണ്. ഈ സമീപനം ഒഴിവാക്കുന്നതിനുവേണ്ടി പദ്ധതിത്തുക വെട്ടിച്ചുരുക്കുന്നതിനെക്കുറിച്ച് സമഗ്രമായ ഒരു അന്വേഷണം നടത്തി അതിൽ അടിയന്തിരമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള): സർ, പത്തനംതിട്ട ജില്ലയിലെ പള്ളിക്കൽ പഞ്ചായത്തിലെ പ്രതിപക്ഷ മെമ്പർമാർ നിരാഹാര സമരത്തിലാണ്. സമരത്തിനാധാരമായ കാര്യങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ വിശദമായി സൂചിപ്പിച്ചു. അതിനുള്ള മറുപടിയുടെ ഭാഗവും അദ്ദേഹംതന്നെ പറഞ്ഞിട്ടുണ്ട്. പഞ്ചായത്തിന്റെ പദ്ധതി രൂപീകരണത്തിലും നിർവഹണത്തിലും പക്ഷപാതം, അഴിമതി, ധനദുർവിനിയോഗം എന്നിവയുണ്ടെന്ന ആക്ഷേപം ലഭിച്ചാൽ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

VI റിപ്പോർട്ട് സമർപ്പണം

(1) പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് ചെയർമാൻ ശ്രീ. എം. പി. ഗംഗാധരനു വേണ്ടി ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly